**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5406

31.10.2016-ൽ മറുപടിയ്ക്ക്

## കാസർകോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സണ്ണി ജോസഫ്** | **ശ്രീമതി. കെ.കെ.ശൈലജടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ച കാസർകോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | ഒന്നാം ഘട്ടമായി അക്കാദമിക്ക് ബ്ലോക്കിന്റെ ടെണ്ടർ വിളിച്ച് പണി നടന്നു കൊണ്ടിരിക്കുന്നു. കാസർകോഡ് ഡെവലപ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തി 25 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്. ആശുപത്രിയുടെയും അനുബന്ധ സൗകര്യങ്ങളുടെയും നിർമ്മാണത്തിന് നബാർഡിന് സമർപ്പിച്ച പ്രോജക്ട് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ആയതിന് ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സ്ഥലമെടുപ്പ് പൂർത്തിയായി ട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | 25.06 ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. |
| (സി) | നിർമ്മാണ പ്രവർത്തനങ്ങൾ യുദ്ധ കാലാടിസ്ഥാനത്തിൽ പൂർത്തിയാക്കി അടുത്ത വർഷം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാവുന്ന മുറയ്ക്കും മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്കും വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ